**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5407** **06.07.2012-ൽ മറുപടിക്ക്**

**ഐക്കോൺസിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പാലോട് രവി<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) ഐക്കോൺസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | എ) ഐക്കോൺസിന് തിരുവനന്തപുരത്തും ഷൊർണ്ണൂരുമായി 2 കേന്ദ്രങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാർ ബജറ്റിലൂടെ പദ്ധതിയിനത്തിൽ നൽകുന്ന ഫണ്ടും എൻ.ആർ.എച്ച്.എം. വഴി ലഭിക്കുന്ന ഫണ്ടും ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായി വിനിയോഗിക്കുന്നു. ഷൊർണ്ണൂർ സെന്ററിനെ എൻ.എ.ബി.എച്ച് നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ പുതിയ ഉപകരണങ്ങളും സജ്ജീകരണങ്ങളും ഒരുക്കുന്നതിന് ഈ വർഷത്തെ എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഐക്കോൺസിന് തിരുവനന്തപുരത്ത് പുലയനാർകോട്ടയിൽ സർക്കാർ അനുവദിച്ച 3 ഏക്കർ സ്ഥലത്ത് ആശുപത്രിയുടേയും സ്പെഷ്യൽ സ്കൂളിന്റേയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. സ്ഥാപനത്തിന്റെ ഭരണപരമായ ചെലവുകൾക്കാവശ്യമായ തുക നോൺ പ്ലാൻ ഇനത്തിൽ ലഭ്യമാക്കുന്നതിന് ഐക്കോൺസ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |
| ബി) ഐക്കോൺസിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | ബി) ഓട്ടിസം, ബുദ്ധിമാന്ദ്യം, സെറിബ്രൽ പാൾസി, പഠന വൈകല്യം, ഭാഷാവൈകല്യം, പ്രായമുള്ളവരിൽ കാണുന്ന പക്ഷാഘാതം-മസ്തിഷ്കാഘാതം എന്നിവ മുഖേന ഉണ്ടാകുന്ന |

.......... 2

മറവിരോഗം തുടങ്ങിയ അസുഖങ്ങൾ ബാധിച്ചവർക്ക് ചികിത്സയും, പുനരധിവാസവും ഇവിടെ നൽകി വരുന്നു. അസുഖബാധിതരായ ആളുകൾക്ക് സ്പീച്ച് തെറാപ്പി, ബിഹേവിയറൽ തെറാപ്പി, ഫിസിയോ തെറാപ്പി എന്നിവ നൽകി വരുന്നു. ഇത്തരം കുട്ടികൾക്കായി സ്പെഷ്യൽ സ്കൂൾ പ്രവർത്തിക്കുന്നു. കൂടാതെ ഈ രംഗത്ത് നൂതനമായ ഗവേഷണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. അസുഖബാധിതരായ കുട്ടികൾക്ക് തെറാപ്പികൾ നൽകുന്നതിനാവശ്യമായ മാനവശേഷി വികസിപ്പിക്കുന്നതിനായി 'സ്പീച്ച് ലാംഗ്വേജ് പാത്തോളജി ആന്റ് ഓഡിയോളജി' ഡിഗ്രി, പി.ജി. കോഴ്സുകൾ ആരോഗ്യ സർവ്വകലാശാലയുടെ അംഗീകാരത്തോടെ നടത്തി വരുന്നു.

സി) കൂടുതൽ മേഖലകളിൽ ഇതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സി) ന്യൂറോ സർജറി, ഇ.എൻ.ടി. സർജറി, സൈക്യാട്രി, മസ്തിഷ്കാഘാതം, പക്ഷാഘാതം, ഗ്ലോബൽ ഡെവലപ്മെന്റ് ഡിലെ എന്നിവ ബാധിച്ച കുട്ടികൾക്കുള്ള തീവ്ര പരിചരണ വിഭാഗവും പുനരധിവാസ കേന്ദ്രവും ആരംഭിക്കുക, ഇത്തരം കുട്ടികൾക്ക് ചികിത്സ നൽകി സാധാരണ നിലയിലേക്ക് കൊണ്ടു വരുന്നതിനുള്ള റീഹാബിലിറ്റേഷൻ സെന്റർ തുറക്കുക, അസുഖബാധിതരായ കുട്ടികളുടെ ജനിതക ഘടനകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ കണ്ടെത്തുന്നതിനുള്ള വിപുലമായ ലാബ് ആരംഭിക്കുക എന്നീ ലക്ഷ്യത്തോടെ ഇതിനാവശ്യമായ ഡി.എം ന്യൂറോ, എം.ഫിൽ ആന്റ് പി.എച്ച്.ഡി. ഇൻ ക്ലിനിക്കൽ സൈക്കോളജി തുടങ്ങിയ കോഴ്സുകൾ ആരംഭിക്കുന്നതിന് ആരോഗ്യ സർവകാശാലയിൽ മാർഗ്ഗ രേഖകൾ സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ